**അടിയന്തര പ്രമേയം**

**പരാതി പരിഹാരസെല്ലിലെ ജീവനക്കാരനെതിരെ വന്ന ലൈംഗികാരോപണം**

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേയ്ക്ക് വിളിച്ച കൊല്ലം സ്വദേശിയായ അദ്ധ്യാപികയോട് പരാതിസെല്ലിലെ ജീവനക്കാരൻ മോശമായി സംസാരിച്ചുവെന്ന പരാതിയിന്മേൽ ഉടൻ കേസ്സ് എടുത്ത് അറസ്റ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകാതെ സമയബന്ധിതമായ നീതിനിർവ്വഹണം നിഷേധിക്കുകയും ഇരകളുടെ പേര് വെളിപ്പെടുത്തരുതെന്ന സുപ്രീം കോടതിയുടെ നിർദ്ദേശം ലംഘിക്കുകയും ചെയ്തതിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഇ. പി. ജയരാജൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ പറഞ്ഞിരിക്കുന്ന നിശ്ചിത കാലത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിലേയ്ക്ക് വിളിച്ച കോളുകൾ ഏതാണ്ട് 2,18,106 എണ്ണമാണ്. 25.05.2013-ന് സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലെ ജീവനക്കാരനായ ഗിരീഷ്കുമാറിനെതിരെ വന്ന ഒരു പരാതിയാണിപ്പോൾ ഇവിടെ അടിയന്തരപ്രമേയത്തിന് വിഷയമായി വന്നിട്ടുള്ളത്. കോഴിക്കോട് പേരാമ്പ്ര സ്വദേശിയായ ഗിരീഷ്കു

മാർ എന്ന ഓഫീസ് അറ്റൻഡന്റ് തന്നെ വിളിച്ച് ചങ്ങാത്തംകൂടിയെന്നുള്ള രൂപത്തിലാണ് പരാതി നൽകിയിരിക്കുന്നത്. ഞാനത് പരിശോധിച്ചുനോക്കി. മേൽപ്പറഞ്ഞ ഗിരീഷ്കുമാർ കരാർ അടിസ്ഥാനത്തിൽ കോൾ സെന്ററിൽ ഡ്യൂട്ടിക്ക് നിയമിക്കപ്പെട്ട ഒരു വ്യക്തിയാണ്. യുവതി അത് സംബന്ധിച്ച് നൽകിയ പരാതിയിൽ വകുപ്പുതല അന്വേഷണം നടത്തി. യുവതി കൊടുത്ത കത്തിനെക്കുറിച്ച് പരിഹാരമുണ്ടായില്ല, നടപടിയെടുത്തിട്ടില്ലായെന്നാണ് റൂൾ 50 പ്രകാരം നൽകിയ നോട്ടീസിനകത്ത് ഉള്ളത്. പൊതുഭരണ വകുപ്പ് സെക്ര ട്ടറി വകുപ്പുതലഅന്വേഷണം നടത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 18.06.2013-ൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജി.ഒ.നം.5029/2013/ജി.എ.ഡി. 19-06-2013 എന്ന ഉത്തരവുപ്രകാരം ഗിരീഷ്കുമാറിനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. പരാതി കിട്ടുകയും പൊതുഭരണ വകുപ്പിൽ നിന്ന് മുഖ്യമന്ത്രിക്ക് അതിന്റെ അന്വേഷണ റിപ്പോർട്ടും കിട്ടിയതിന്റെ അടുത്ത ദിവസംതന്നെ ഗിരീഷ്കുമാ റിനെ സർവ്വീസിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. രണ്ടാമത്തെ പ്രശ്നം, ഇര യുടെ പേര് കൊടുക്കരുതെന്നുള്ളത് കൊടുത്തുവെന്നുള്ളതാണ്. ഐ.പി. സി.354(എ)1, 4, 354(ഡി) 1, 2 എന്നിവയും മറ്റ് ബാധകമായ വകുപ്പുകളും ചേർത്താണ് ഇപ്പോൾ ഈ കേസ്സ് എടുത്തിട്ടുള്ളത്. 354 എന്ന വകുപ്പ് ഉൾപ്പെ ടുത്തിയിട്ടില്ലായെന്ന് പറഞ്ഞത് ശരിയല്ല. അങ്ങ് അത് പരിശോധിച്ചാൽ മതി. ഇതിനകത്ത് കേസ്സെടുത്തിട്ടുള്ളത് 354(എ) 1, 4, 354(ഡി) 1, 2 എന്നിവയും മറ്റ് ബാധകമായ വകുപ്പുകളും ചേർത്താണ്. ഇരയുടെ പേര് വെളിപ്പെടുത്തരു തെന്ന നിർദ്ദേശം ഐ.പി.സി. 228(എ) എന്ന വകുപ്പിലാണുള്ളത്. ഇപ്രകാരം 376, 376 (എ), 376(ബി), 376(സി), 376(ഡി) എന്നീ വകുപ്പുകൾ പ്രകാരമുള്ള

കുറ്റകൃത്യങ്ങളിൽ ഇരകളെ തിരിച്ചറിയുംവിധം യാതൊന്നും അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാൻ പാടില്ലയെന്നുള്ളതുതന്നെയാണ്. എന്നാലിവിടെ പ്രസക്തമായ പരാതി ഐ.പി.സി. 376-ാം വകുപ്പിലുള്ള രൂപത്തിലല്ല. മാത്രമല്ല ശിക്ഷാനടപടികൾ സ്വീകരിക്കുമ്പോൾ ആരുടെ പരാതി പ്രകാരമാണ് ശിക്ഷാ നടപടികൾ സ്വീകരിച്ചതെന്നുള്ളത് സൂചിപ്പിക്കാതിരിക്കാൻ നിവർത്തിയില്ല. അത് സൂചിപ്പിച്ചുവെന്നുമാത്രമേയുള്ളൂ. അതല്ലാതെ ഒരു പരാതി കൊടുത്തു, ആ പരാതിയിന്മേൽ നടപടിയെടുത്തു. ആ നടപടിയെടുത്തപ്പോൾ ആരുടെ പരാതി പ്രകാരമാണ് ഈ ശിക്ഷാ നടപടി സ്വീകരിച്ചതെന്ന കാര്യം നമുക്ക് രേഖപ്പെടുത്താതിരിക്കാൻ കഴിയില്ല. അതുമാത്രമേ അവിടെ ചെയ്തിട്ടുള്ളൂ. ഗിരീഷ്കുമാർ യുവതിയുടെ ഫോൺ നമ്പർ തന്റെ സുഹൃത്തായ ഉണ്ണിക്കൃഷ്ണനും ജാഫർ എന്ന ആൾക്കും നൽകിയതായും ജാഫർ യുവതിയെ 12-12-2012 തീയതിൽ ഫോണിൽ വിളിച്ച് ലൈംഗിക ബന്ധത്തിന് പ്രേരിപ്പിക്കത്തക്കവിധം സംസാരിക്കുകയും ചെയ്തതായും അപ്പോൾ യുവതി അയാളെ താക്കീത് ചെയ്തതായുമാണ് പരാതിക്കകത്ത് പറയുന്ന മറ്റ് കാര്യങ്ങൾ. ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് അന്വേഷണ ചുമതല നൽകി. സംസ്ഥാന പോലീസ് മേധാവി ഈ പരാതി അന്വേഷണം നടത്തി, സംസ്ഥാന പോലീസ് മേധാവി മുഖാന്തിരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഐ.പി.സി. 354(എ) 1, 4, 354(ഡി)1, 2, 34 ഐ.റ്റി. ആക്ട് 66 (a) കെ.പി. ആക്ട് 118(ഡി) എന്നീവകുപ്പുകൾ പ്രകാരം ക്രൈം 783/2013 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പറയുന്ന അടിയന്തര പ്രമേയത്തിനാധാരമായ കാര്യങ്ങളിൽ ഗവൺമെന്റിന് എടുക്കാൻ കഴിയുന്ന എല്ലാ കാര്യങ്ങളും

എടുത്തിട്ടുണ്ട്. മാത്രമല്ല, 01-07-2012 മുതൽ 21-06-2013 വരെയുള്ള കാലയളവിൽ ഗിരീഷ്കുമാറിന്റെ ഫോണിൽ നിന്നും മേൽപ്പറഞ്ഞ 9645904092 എന്ന നമ്പരിലേയ്ക്ക് കോൾ പോയി എന്നാണ് പറഞ്ഞത്. ഇവിടെ ഒരു കോളും രണ്ട് എസ്.എം.എസ്സും അയച്ചിട്ടുള്ളതായി കാണുന്നുണ്ട്. അതേസമയം ഗിരീഷ്കുമാറിന്റെ ഫോണിലേയ്ക്ക് യുവതിയുടെ ഫോണിൽ നിന്ന് 6 കോളുകളും 28 എസ്.എം.എസ്സുകളും അയച്ചിട്ടുണ്ട്. യുവതിയുടെ രണ്ടാമത്തെ ഫോണായ 9446351015 ലേയ്ക്ക് ഗിരീഷ്കുമാറിന്റെ ഫോണിൽ നിന്നും 2 കോളുകളാണ് പോയിട്ടുള്ളത്. എന്നാൽ യുവതിയുടെ ഈ ഫോണിൽ നിന്ന് ഗിരീഷ്കുമാറിന്റെ ഫോണിലേയ്ക്ക് 76 എസ്.എം.എസ്സ്. പോയിട്ടുണ്ട്. ഇതാണ് ഇതിന്റെ ഒരുവശം. യുവതി തന്ന പരാതിയിൽ, തന്നെ ഫോണിൽ വിളിച്ച് ശല്യം ചെയ്തതായും, മറ്റ് വ്യക്തികളുടെ പേര് പറഞ്ഞ് നൽകിയിട്ടുള്ളതായ ഫോൺ നമ്പരുകൾ കൂടി ഞാൻ വായിക്കാം. ദയവായി അത് ശാന്തമായി കേൾക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഇവിടെ 9747282428 ആണ് ഒരു നമ്പർ. മറ്റൊന്ന്, ലാന്റ് ഫോണായ 0491-2504652, ..... (ബഹളം) ദയവായി ഞാൻ പറഞ്ഞോട്ടെ, ഞാനൊരു ശല്യത്തിനുമില്ലല്ലോ.... (ബഹളം).. 9745586472,

<u>മി. സ്പീക്കർ</u>: അദ്ദേഹം പറയട്ടെ... (ബഹളം)... അദ്ദേഹം മറുപടി പറയട്ടെ..... (ബഹളം)... അതു ശരി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, 9744958304, 9645509878, 9567050442 എന്നിവയാണ്. എനിക്ക് ഡിപ്പാർട്ട്മെന്റിൽ നിന്ന് കിട്ടിയിട്ടുള്ള കാര്യം ഞാൻ പറയട്ടെ. അങ്ങെന്നോട് പറഞ്ഞതനുസരിച്ച് ഞാനിത് ബോധി

പ്പിക്കാൻ ബാദ്ധ്യസ്ഥനാണ്. 9562587291, 4442281332 എന്നിവയാണ് മറ്റ് നമ്പരുകൾ. ഈ ഫോണുകളിൽ നിന്ന് യുവതിയുടെ ഫോണിലേയ്ക്ക് ഒന്നോ രണ്ടോ കോളുകൾ മാത്രമാണ് വിളിച്ചിട്ടുള്ളത്. പക്ഷെ ടി ഫോണുകളിലേയ്ക്ക് യുവതിയുടെ ഫോണിൽ നിന്നും കോളുകൾ പോയിട്ടുള്ളതായി രേഖകളിൽ നിന്നും മനസ്സിലാകുന്നതാണ്. 28-10-2007-ൽ കെ.എ.പി. 3 ബറ്റാലിയനിൽ ജോലി ചെയ്തിരുന്ന പി.സി. സന്തോഷ്കുമാർ (ഇപ്പോൾ കൊല്ലം എ.ആർ ക്യാമ്പിലെ സി.പി.ഒ. (6388) യുവതിയെ ബലാത്സംഗം ചെയ്തുവെന്ന പരാതി പ്രകാരം അഞ്ചൽ പോലീസ് സ്റ്റേഷനിൽ ഐ.പി.സി 376-ാം വകുപ്പ് അനുസരിച്ച് ക്രൈം നമ്പർ 356/2007 ആയി ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ഹാജരാക്കി കേസ്സ് വിസ്താരം നടന്നുവരവെ സന്തോഷ്കുമാറും യുവതിയുമായി 03-02-2008-ൽ നിയമാനുസൃതം വിവാഹിതരായി. ഏകദേശം രണ്ടാഴ്ചക്കാലം ഭാര്യാഭർത്താക്കന്മാരായി ജീവിച്ചു. തുടർന്ന് ഇരുവരും മാനസികമായി ചേർച്ചയില്ലാതെ വരികയും .... (ബഹളം) രണ്ട് വീട്ടിൽ താമസമാക്കുകയും ചെയ്തു. യുവതിയും സന്തോഷ്കുമാറും ഭാര്യാഭർത്താക്കന്മാരായി ജീവിച്ചുവരവെ സന്തോഷ്കുമാറിന്റെ അമ്മ ശാന്തകുമാരിയും സഹോദരി ജയശ്രീയും സന്തോഷ്കുമാറും ചേർന്ന് യുവതിയെ ശാരീരികമായി പീഡിപ്പിച്ചുവെന്ന് ആരോപിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അഞ്ചൽ പോലീസ് സ്റ്റേഷനിൽ ഐ.പി.സി 498(എ), 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 332/2008 ആയി 28-05-2008-ന് കേസ്സ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് കൊടുക്കുകയും ചെയ്തു. ഇതുകൂടാതെ ടിയാളെ ബലാത്സംഗം ചെയ്തുവെന്ന് അഞ്ചൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ

ചെയ്ത ക്രൈം 356/2007-ാം നമ്പർ കേസ്സ് വീണ്ടും ഫയലിലെടുപ്പിക്കുകയും കൊട്ടാരക്കര അസിസ്റ്റന്റ് സെഷൻസ് കോടതിയിൽ വിസ്താരം നടന്നുവരികയും ചെയ്യുകയാണ്. ഇപ്പോൾ ഈ ബന്ധപ്പെട്ട ടിയാളുകളുടെ മൊഴികൾ എന്റെ കൈവശമുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും എന്റെ കൈവശമുണ്ട്. അതുകൊണ്ട് ഇനി ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ അങ്ങേയ്ക്ക് പറയാനുള്ള കാര്യങ്ങളെല്ലാം കേട്ടതിനുശേഷം ബാക്കി കാര്യങ്ങൾ ഞാൻ സൂചിപ്പിക്കാം. ഇതാണ് ഇതിനെ സംബന്ധിച്ച് ഡിപ്പാർട്ടുമെന്റിന് പൊതുവായി പറയാനുള്ള പ്രാഥമികമായ വിവരം.

ശ്രീ. ഇ. പി. ജയരാജൻ: സർ, നീതി തേടി ഒരു സ്ത്രീ പരാതിയുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഈ ഗവൺമെന്റിന്റേയും മുമ്പാകെ വരുമ്പോൾ ആ സ്ത്രീയെ അപമാനിക്കാൻ ഇപ്പോൾ ഏറ്റവും കൂടുതൽ ശ്രമിച്ചിട്ടുള്ളത് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. ഒരു സ്ത്രീയെ അപമാനിക്കുന്നതിനപ്പുറമുണ്ടോ ഇത്? ഇവിടെ ഞങ്ങൾ ഉന്നയിച്ചിട്ടുള്ളത് ആ സ്ത്രീയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് തരാനാണോ? ആ സ്ത്രീയുടെ ജാതകമെടുത്ത് പരിശോധിച്ച് കവടി നിരത്താനാണോ അടിയന്തരപ്രമേയത്തിന് നോട്ടീസ് തന്നിട്ടുള്ളത്? ആ സ്ത്രീ ഒരു പരാതി തന്നു. ആ പരാതി എന്നുപറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലെ കെ.പി. ഗിരീഷ് കുമാർ എന്ന ജീവനക്കാരൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചാണ്. നിങ്ങൾ എന്താണ് ചെയ്തിരിക്കുന്നത്? ആ സ്ത്രീ ജനിച്ച കാലംഘട്ടംമുതലെടുക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഇപ്പോൾ മറുപടി പറഞ്ഞ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാലഘട്ടംമുതലെടുത്താലോ? ഇങ്ങനെയാണോ കാര്യങ്ങൾ പോകേണ്ടത്. ഇവിടെ നടക്കുന്ന

തിന്റെ ഒരുദാഹരണമാണിത്. ഈ ഗവൺമെന്റ് പരാതികൊടുത്ത ആളുകളെ അപമാനിച്ച് നശിപ്പിച്ചുകളയും. അതുകൊണ്ട് എനിക്ക് പറയാനുള്ളത് സ്ത്രീപീഡനത്തിന്റെ കേസ് ആദ്യം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരെ എടുക്കണം. ഇപ്പോൾ അതാണിവിടെ നടന്നിട്ടുള്ളത്. നമ്മുടെ നാട് നിയമ വാഴ്ച പുലർത്തേണ്ട നാടാണ്. നിയമലംഘനത്തിന്റെ കേന്ദ്രമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനങ്ങൾ മാറിത്തീർന്നിരിക്കുകയാണ്. അതിന്റെ ഒരു സാമ്പിളാണ് കെ.പി. ഗിരീഷ് കുമാർ എന്ന ജീവനക്കാരനിലൂടെ പുറത്തുവന്നത്. ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപികയായ ഒരു സ്ത്രീ അവരുടെ നിയമനവുമായി ബന്ധപ്പെട്ട് ഒരു സ്ഥലംമാറ്റത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതിസെല്ലിൽ അപേക്ഷ കൊടുക്കുന്നതിനുവേണ്ടി കാൾസെന്ററിലേയ്ക്ക് വിളിക്കുകയാണ്. ആ കാൾ സെന്ററിൽ വിളിച്ചപ്പോൾ അവിടത്തെ ജീവനക്കാരൻ അത് കഴിഞ്ഞതിനുശേഷം അവരെ തിരിച്ചുവിളിച്ച് അവരോട് ആ ജീവനക്കാരന്റെ ലൈംഗികാസക്തി പ്രകടിപ്പിച്ചുകൊണ്ട് ആ സ്ത്രീയോട് ലൈംഗികവേഴ്ചയ്ക്കുവേണ്ടി ആവശ്യപ്പെടുകയാണ് ചെയ്തത്. ആ സ്ത്രീ ശക്തമായ നിലപാട് സ്വീകരിച്ചു. എന്നിട്ടും നിങ്ങളുടെ ഓഫീസിലെ ഫോൺ ഉപയോഗിച്ച് നിരന്തരമായി ആ സ്ത്രീയെ ഭീഷണപ്പെടുത്തി. നിങ്ങളുടെ പരാതിസെല്ലിലെ ഫോൺ ഉപയോഗിച്ച് ഭീഷണിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആ സ്ത്രീ നിങ്ങളുടെ മുമ്പാകെ പരാതി തന്നു. പരാതി നൽകിയതിനുശേഷം ഉണ്ണിക്കൃഷ്ണൻ, ജാഫർ എന്നിവർ നിങ്ങളുടെ ഇന്റർനെറ്റ് കോൾ സെന്ററിലിരുന്ന് ആ ഫോൺ ഉപയോഗിച്ചുകൊണ്ട് ആ സ്ത്രീയെ ഭീഷണിപ്പെടുത്തി. ഞങ്ങൾക്കും വഴങ്ങണമെന്നാണ് അവർ ആ സ്ത്രീയോട് ആവശ്യപ്പെട്ടത്. നിങ്ങൾ ലൈംഗികമായി ഞങ്ങൾക്കും വഴങ്ങിയാൽ മുഖ്യമന്ത്രിയുടെ മുമ്പിൽ പരാതികൊടു

ക്കാൻ നിങ്ങൾക്ക് മുഖ്യമന്ത്രിയെ കാണിച്ചുതരാം, അതിനുള്ള സാഹചര്യമുണ്ടാക്കാം, നിങ്ങളുടെ പരാതിക്ക് പരിഹാരമുണ്ടാക്കാം എന്നാണ് അവർ പറഞ്ഞത്. ഇതാണോ നിങ്ങളുടെ പരാതി പരിഹാര സെൽ. ആ പരിഹാര സെല്ലിലെ ജീവനക്കാരുടെ കൃത്യം സംബന്ധിച്ചല്ലല്ലോ നിങ്ങൾ പരിശോധിച്ചത്. ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം ഏറ്റുവാങ്ങുന്ന ഓഫീസിൽ ഒരു സ്ത്രീ പീഡനം. ആ സ്ത്രീ പീഡനത്തെ സംബന്ധിച്ച പരാതി മെയ് മാസം 25-ാം തീയതി മുഖ്യമന്ത്രിക്ക് നൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പരാതി പൊതുഭരണ വകുപ്പിന് കൊടുത്തു. ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമനുസരിച്ച്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആ നിയമത്തിൽ 354-ാം വകുപ്പിനോടുകൂടി ഒരു ക്രിമിനൽ ലാ അമെന്റ്മെന്റ് ആക്ട് വന്നിട്ടുണ്ട്. ആ ക്രിമിനൽ ലാ അമെന്റ്മെന്റ് ആക്ടിൽ വ്യക്തമായും പറഞ്ഞിട്ടുണ്ട് – a demand or request for sexual fibres - ലൈംഗികാവശ്യത്തിനുവേണ്ടിയുള്ള ആവശ്യമുന്നയിച്ചാൽ അതിന്റെ ശിക്ഷയും പറഞ്ഞിട്ടുണ്ട്. അതിനുപറഞ്ഞിരിക്കുന്നത്, rigorous imprisonment, which may extend upto 5 years with fine or with both എന്നാണ്. 5 വർഷം കഠിന തടവും പെനാലിറ്റിയും അല്ലെങ്കിൽ രണ്ടുംകൂടിയുള്ള ശിക്ഷയ്ക്ക് അർഹനാണ്. ഒരു സ്ത്രീ ഇത്തരം ഒരു പരാതി ഉന്നയിച്ചാൽ ആ പരാതിയെക്കുറിച്ചുതന്നെ പറയുന്നുണ്ട്. സ്ത്രീകളെ സംബന്ധിച്ച് അടുത്തകാലത്ത് ഡൽഹിയിലുണ്ടായിട്ടുള്ള സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ലൈംഗികവേഴ്ചയ്ക്ക് നിർബന്ധിച്ചതായി പരാതി നൽകിയിട്ടുള്ള സ്ത്രീയുടെ പേര് വെളിപ്പെടുത്താൻ പാടില്ലായെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലെ വാർത്താക്കുറിപ്പിൽ പരാതിതന്ന സ്ത്രീയുടെ

പേരുവന്നു. ഇപ്പോൾ അതിനെ ന്യായീകരിക്കുകയാണ് ചെയ്യുന്നത്. ഇത് സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. രണ്ടാമത്തെ കാര്യം ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ പല വ്യവസ്ഥകൾക്കും വിരുദ്ധമാണ്. വിക്റ്റിമിന്റെ പേര് ഐഡന്റിഫൈ ചെയ്യാനോ അതിന്റെ കാര്യങ്ങൾ പുറത്തു വിടാനോ വിക്റ്റിമിനെ തിരിച്ചറിയാൻ കഴിയുന്ന സൂചനകൾ നൽകുന്നതോ ക്രിമിനൽ പ്രൊഡീഡ്യുവർ കോഡ് ഭേദഗതി ചെയ്ത നിയമമനുസരിച്ച് ഗുരു തരമായ തെറ്റാണ്. ഒരു സ്ത്രീ, അവർ അനുഭവിച്ച പീഡനം സംബന്ധിച്ചും അവരുടെ ഒരു നിയമന ആവശ്യം സംബന്ധിച്ചും മുഖ്യമന്ത്രി മുമ്പാകെ പരാ തികൊടുക്കാനും അതിന് പരിഹാരം കാണാനും അപേക്ഷിച്ചപ്പോൾ അവ രോട് ലൈംഗികച്ചുവയുള്ളതും ലൈംഗികാസക്തിക്കുവേണ്ടിയിട്ടുള്ളതുമായ ആവശ്യമുന്നയിച്ച് ഭീഷണിപ്പെടുത്തി ലൈംഗികമായി കീഴ്പ്പെടുത്താൻ പരി ശ്രമിച്ചു എന്ന് ആ സ്ത്രീ പരാതി തന്നാൽ എന്തിനാണ് ആ പരാതി പൊതുഭ രണ വകുപ്പിലേയ്ക്കയയ്ക്കുന്നത്; നിങ്ങൾ അതിന്മേൽ പോലീസ് കേസെടു ക്കണമായിരുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങനെ കുറേ കേസെ ടുത്തിട്ടുണ്ടല്ലോ. കാൽമണിക്കൂർകൊണ്ട് കേസെടുത്തിട്ടുണ്ടല്ലോ. ഇപ്പോൾ നിങ്ങളുടെ ധാർമ്മികത എവിടെപ്പോയി? മെയ് മാസം 25-ാം തീയതി പരാതി കൊടുത്തിട്ട് ജൂൺ മാസം 21-ാം തീയതിവരെ ഒരു നടപടിയും സ്വീകരിച്ചില്ല. 21-ാം തീയതി കൈരളി ചാനൽ ഈ വാർത്ത പുറത്തുവിട്ടു. അപ്പോൾ നിങ്ങൾ ഇതിൽ പറയുന്ന ഗിരീഷ് ജീവനക്കാരനല്ല, കോൺട്രാക്ട് ബേസി സിൽ പണിയെടുക്കുന്നവനാണ്, അവനെ ഞങ്ങൾ ഇവിടെനിന്നും നീക്കിയി രിക്കുന്നു എന്നുപറഞ്ഞ് 19-ാം തീയതി ഉത്തരവിറക്കിയെന്നുപറയുന്നു. 19 -ാം തീയതിയല്ല, 21-ാം തീയതിയാണ് നിങ്ങൾ ഉത്തരവ് തയ്യാറാക്കിയത്. ഒരി

ക്കലും ഒരു മുഖ്യമന്ത്രി ഇങ്ങനെ ചെയ്യാൻ പാടില്ല. തെറ്റ് പറ്റിയാൽ ആ തെറ്റ് സമ്മതിച്ചുകൊണ്ട് ശരിയായ നിലപാട് സ്വീകരിക്കണം. 19-ാം തീയതിയിലെ ഡേറ്റുവച്ച് 21-ാം തീയതി നിങ്ങൾ ഉത്തരവിറക്കി. എന്തൊക്കെയാണിവിടെ നടക്കുന്നത്? എന്തൊക്കെയാണ് ഒരു മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നടക്കുന്നത്? ഇങ്ങനെ ഉത്തരവിറക്കാൻ തുടങ്ങിയാൽ ഇവിടെ എന്തൊക്കെ ഉത്തരവുകളിറങ്ങും; ഇതാണോ സംശുദ്ധമായ സുതാര്യ കേരളം; ഇതാണോ നമ്മുടെ നാട്; എങ്ങോട്ടേയ്ക്കാണ് നമ്മുടെ രാജ്യത്തിന്റെ ഭരണം നിങ്ങൾ കൊണ്ടുപോകുന്നത്?

ഇവിടെ നിങ്ങൾ പറഞ്ഞത്, ഗിരീഷ് ഒരു കരാർ ജീവനക്കാരനാണ് എന്നാണ്. നമ്മുടെ പബ്ലിക് റിലേഷൻസ് വകുപ്പ് 2012-ൽ പ്രസിദ്ധീകരിച്ച മീഡിയാ ഹാന്റ് ബുക്കാണിത് (പുസ്തകം ഉയർത്തിക്കാണിച്ചു). അതിൽ മുഖ്യമന്ത്രിയുടെ ജീവനക്കാരിൽ 33-ാമതായി അച്ചടിച്ചുവച്ചിരിക്കുന്ന പേര് കെ. പി. ഗിരീഷ് കുമാർ, രേഖ വേണോ? രണ്ടാമത്, ഗിരീഷ് കുമാർ അച്ചടിച്ച കല്യാണക്കത്ത് (കല്യാണക്കത്ത് ഉയർത്തിക്കാണിച്ചു), ഗിരീഷ് കുമാർ കെ. പി., സ്റ്റാഫ് ഓഫ് ചീഫ് മിനിസ്റ്റേഴ്സ് ഓഫീസ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ഈ കല്യാണത്തിന് മുഖ്യമന്ത്രി പോയില്ലേ? ജനുവരി മാസം 5-ാം തീയതിയായിരുന്നു ഈ കല്യാണം. ജനുവരി 5-ന് ഈ കല്യാണത്തിന് പോയല്ലോ? നിങ്ങളിപ്പോൾ ആർക്കുവേണ്ടിയാണ് ജീവനക്കാരനല്ല എന്നുള്ള വാദം ഉന്നയിക്കുന്നത്; ഈ ക്രിമിനൽ സ്വഭാവമുള്ളവനെ രക്ഷിക്കാനല്ലേ? തെറ്റുകൾ സംഭവിച്ചാൽ അത് സമ്മതിക്കൂ, അത് തിരുത്തൂ. അതാണോ നിങ്ങളുടെ വാസന? നിങ്ങളുടെ എല്ലാ ശ്രമങ്ങളും തെറ്റിനെ ന്യായീകരിക്കാനും പ്രൊട്ടക്റ്റ് ചെയ്യാനുമാണ്. മുഖ്യമന്ത്രിയുടെ ഓഫീസ്

വളരെ വളരെ സംശുദ്ധമായിരിക്കണം. മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ചാണ് കഴിഞ്ഞ കുറേ നാളുകളായി എല്ലാ പരാതികളും. ഇതിനുമുമ്പ് നിങ്ങൾ ചില ജീവനക്കാരുടെമേൽ നടപടികൾ സ്വീകരിച്ചു. ടീം സോളാറുമായി ബന്ധപ്പെട്ട വിഷയത്തിൽ എത്രയെത്ര പേരുകൾ വന്നു? സരിത എസ്. നായർ, ബിജു രാധാകൃഷ്ണൻ, ഫിറോസ്. ഫിറോസിനെ ശ്രീ. കെ. സി. ജോസഫ്, നിങ്ങളാണ് അദ്ദേഹത്തെ..........., ഐ.എ.എസ്. സ്റ്റാറ്റസുണ്ടായാലേ പി.ആർ. ഡി. ഡയറക്ടറാകാൻ കഴിയുകയുള്ളൂ. ഇത് മറികടന്നുകൊണ്ട് നിങ്ങൾ എന്തിനുവേണ്ടി ഇത്തരമൊരു നിലപാട് സ്വീകരിച്ചു? നിങ്ങൾക്കുള്ള വിധേയത്വമാണ്. ടീം സോളാറിനുവേണ്ടി നിങ്ങൾ എടുത്ത നടപടിയുടെ ഭാഗമായാണല്ലോ സൗരോർജ്ജ പദ്ധതി കേരളത്തിൽ വ്യാപകമാക്കാൻ, പോലീസ് ഡിപ്പാർട്ടുമെന്റ്, നിങ്ങൾ അതിനെ ദുരുപയോഗിച്ചു. അതിനുവേണ്ടിയുള്ള നടപടികൾ നിങ്ങൾ പ്രൊസീഡ് ചെയ്തു. നിങ്ങളുടെ പോലീസ് അസോസിയേഷനെ അതിനുവേണ്ടി ഉപയോഗിച്ചു. 2500 സ്ക്വയർ മീറ്ററിൽ കൂടുതൽ വലിപ്പമുള്ള വീടുകൾക്ക് സൗരോർജ പാനൽ നിർബന്ധമാക്കി, എന്തിനുവേണ്ടി? ഇത് മാർക്കറ്റ് ചെയ്യാൻ നിങ്ങൾ സി-ഡിറ്റിനെ ഏൽപ്പിക്കുകയായിരുന്നു. സ്വകാര്യ മാനുഫാക്ച്ചറിംഗ് കമ്പനിയല്ല സി-ഡിറ്റ്. ഇത്തരം കമ്പനിക്കാരുടെ, പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ ഓഫീസും സെക്രട്ടേറിയറ്റും, സരിതയുടെ വിഹാര കേന്ദ്രമാണെന്ന് നിങ്ങൾക്കെല്ലാം അറിയാമല്ലോ. മന്ത്രിമാർ പോയി അവരുടെ പരിപാടി ഉദ്ഘാടനം ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. ഇ. പി. ജയരാജൻ, ഇതെല്ലാം വളരെയധികം തവണ ഇവിടെ പറഞ്ഞതാണ്. അങ്ങ് മറ്റുവിഷയങ്ങളെക്കുറിച്ച് പറയണം. ഇതെല്ലാം എത്രപ്രാവശ്യം പറഞ്ഞതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, സംസ്ഥാനത്തിന്റെ ഭരണസിരാ കേന്ദ്ര മാണ് സെക്രട്ടേറിയറ്റ്. അതിൽ ഒന്നാമത്തേതാണ് മുഖ്യമന്ത്രിയുടെ ഓഫീസ്. മന്ത്രിമാരുടെ മന്ത്രിയാണ് മുഖ്യമന്ത്രി. അദ്ദേഹത്തിന്റെ ഓഫീസ് എത്രമാത്രം സംശുദ്ധമാകണം? അങ്ങേയ്ക്ക് തോന്നുന്നില്ലേ, അതാണോ അവിടെ നടക്കു ന്നത്; അതാണോ അവിടെ നടന്നുകൊണ്ടിരിക്കുന്നത്? എത്രയെത്ര പേരുകൾ പുറത്തുവരുന്നു, സലീം രാജ്. ഞാനത് പറയുന്നില്ല. അയാളെ വീട്ടിൽ കയറ്റാൻ കൊള്ളാമോ. എന്തിനാണ് മുഖ്യമന്ത്രി വച്ചുപോറ്റുന്നത്? എന്തിന് സംരക്ഷിക്കുന്നു? എത്രമാത്രം നാണംകെട്ടവൻ. ഇതിന്റെ ഒരു സങ്കേതം, ഒരു ഗിരീഷ്, ഒരു സലീം രാജ്, ഒരു ജിക്കുമോൻ, പിന്നൊരു ജോപ്പൻ, എന്തെ ല്ലാമാണ് ഇവിടെ? ഡൽഹിയിലേയ്ക്ക് പോകുമ്പോൾ ഒരു പാവം പയ്യൻ, ഒരു കുരുവിള, ഇങ്ങനെ കുരുങ്ങിക്കുരുങ്ങി കളിക്കുന്നു, അവിടെ കേരളാ ഹൗസിൽ വട്ടം കറക്കിക്കൊണ്ടിരിക്കുന്നു. എന്തെല്ലാമാണ് ഈ സംസ്ഥാ നത്ത് നടന്നുകൊണ്ടിരിക്കുന്നത്? ഞാൻ പറഞ്ഞുവരുന്നത്, ഇവിടെയുള്ള പ്രധാനപ്പെട്ട വിഷയം, ഈ ഗിരീഷ് കുമാർ മുഖ്യമന്ത്രിയുടെ സ്റ്റാഫാണ്. ആ സ്റ്റാഫിനുനേരെ ഒരു സ്ത്രീ ഉന്നയിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് പോലീസ് നടപടി സ്വീകരിക്കുന്നതിനുപകരം മേയ് 25 മുതൽ ജൂൺ 21 വരെ ആ സ്ത്രീയുടെ അപേക്ഷ പൂഴ്ത്തിവച്ചു. അതിൽ നിന്ന് നിങ്ങൾ ഈ ക്രിമിനലിനെ സംരക്ഷിക്കാൻ, സ്വഭാവദൂഷ്യമുള്ള ഒരു ക്രിമിന ലിനെ ഒരു ലമ്പടനായിട്ടുള്ള ഒരാളെ സംരക്ഷിക്കാൻ, ഒരു മന്ത്രിസഭയുടെ സിരാകേന്ദ്രം കൂട്ടുനിന്നു. അതാണ് നിങ്ങൾ പരാതി മാറ്റിവച്ചത്. ശ്രീ. തിരുവ ഞ്ചൂർ രാധാകൃഷ്ണൻ, അങ്ങേയ്ക്ക് വേഗത കൂടുതലാണല്ലോ, ബഹുദൂരം പോകുന്നുണ്ടല്ലോ. എന്തുകൊണ്ട് ഈ സംഭവത്തിന്റെ പേരിൽ നടപടി

സ്വീകരിച്ചില്ല. സലീം രാജിനുനേരെ നടപടിയില്ല, പോലീസ് ഇടപെടുകയില്ല, അഴിമതിയും വെട്ടിപ്പും തട്ടിപ്പുമെല്ലാം നടത്താം, സ്ത്രീ പീഡനം നടത്താം, മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ജനങ്ങളെ ഭയപ്പെടുത്തുകയാണ്. രാജ്യം മുഴുവനും ഇതൊരു ചർച്ചാവിഷയമാണ്. ജനങ്ങൾ മുഴുവൻ അങ്ങേയറ്റം ഉത്കണ്ഠയിലാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഒരു സ്ത്രീ I am a victim of 376 എന്നുപറഞ്ഞുകൊണ്ട് മുഖ്യമന്ത്രിക്ക് കൊടുത്ത ഒരു പെറ്റീഷൻ, I am a victim എന്നുപറഞ്ഞുകൊണ്ട് കൊടുത്ത പെറ്റീഷൻ, നിങ്ങൾ ആ സ്ത്രീയുടെ പേരുവച്ച് പ്രസിദ്ധീകരിച്ച് ആ സ്ത്രീയെ വ്യക്തിഹത്യ നടത്താൻ കിട്ടിയ എല്ലാ സാഹചര്യങ്ങളും ഉപയോഗിച്ചു. ഇപ്പോഴും നിങ്ങൾ അതിനുവേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത് തെറ്റായ നടപടികളാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് ഇത്തരത്തിൽ നശിക്കരുത്, ഇങ്ങനെ നാശമാകരുത്. ജീർണ്ണതയുടെ കേന്ദ്രമായി മുഖ്യമന്ത്രിയുടെ ഓഫീസ് മാറിത്തീരരുത്, കേരളത്തിനോടുള്ള താൽപ്പര്യമാണ് ഞങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്നത്. നമ്മുടെ ഭരണകേന്ദ്രം സംശുദ്ധമായിരിക്കണം, അത് കുറ്റവിമുക്തമായിരിക്കണം. ആ നിലപാട് സ്വീകരിക്കാൻ, തെറ്റുകൾക്കെതിരെ ശക്തമായ നടപടിയെടുത്തുകൊണ്ട് പോകാനാണ് തയ്യാറാകേണ്ടത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുന്നില്ല. അദ്ദേഹം അധികാരത്തിൽ കടിച്ചുതൂങ്ങുകയാണ്. അദ്ദേഹം അന്വേഷണത്തെ നേരിടുന്നില്ല. അപ്പുറമിരിക്കുന്ന ചിലർ പറഞ്ഞു അഗ്നിശുദ്ധി വരുത്തി കാച്ചിക്കുറുക്കിയ പൊന്നുപോലെ ഇങ്ങോട്ട് വരും...., പുണ്യാഹം തളിച്ചതുകൊണ്ട് അത് വരില്ല. അഗ്നിശുദ്ധി വരുത്തണമെങ്കിൽ മുഖ്യമന്ത്രി രാജിവച്ചുകൊണ്ട് അന്വേഷണത്തെ നേരിടൂ. അന്വേഷണത്തിലൂടെയാണ് ശുദ്ധി വരുത്തേണ്ടത്. നിങ്ങൾ

നിരപരാധിയാണെങ്കിൽ ജനം മനസ്സിലാക്കട്ടെ, അഗ്നിശുദ്ധി വരുത്താൻ ഒരു അന്വേഷണത്തെ നേരിടൂ. അതിനുവേണ്ടി തയ്യാറാകൂ. ഈ കാര്യമാണ് ഉന്നയിക്കാനുള്ളത്. കേരള താൽപ്പര്യത്തിന്റെ ഭാഗമായി ഈ കാര്യങ്ങൾ സഭ നിർത്തിവച്ച് വിശദമായി ചർച്ച ചെയ്യേണ്ടതാണ്. അതിനുവേണ്ടി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇന്ത്യൻ ശിക്ഷാ നിയമം അനുസരിച്ചുള്ള വ്യവസ്ഥകളെ സംബന്ധിച്ച് ആദ്യംതന്നെ ഞാൻ പറഞ്ഞു. അതുകൊണ്ട് ആ വ്യവസ്ഥകൾ അനുസരിച്ച് മാത്രമേ ഒരു ഗവൺമെന്റിന് നീങ്ങാൻ കഴിയൂ. ആ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പോയിട്ടുള്ളത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു പരാതി കൊടുത്താൽ ആ പരാതിക്കാരുടെ പേരു പോലും മെൻഷൻ ചെയ്യരുത് എന്നു പറയുന്നതിൽ....... ശിക്ഷണ നടപടി സ്വീകരിക്കുമ്പോൾ സ്വാഭാവികമായി ആ പേരുകൂടി പരാമർശിക്കേണ്ടി വരും. അതുകൊണ്ട് ഈ നിയമത്തിലെ വ്യവസ്ഥയനുസരിച്ചല്ല, ഒരു പരാതിക്കാരി എന്നുള്ള നിലയിൽ ആ പരാതിയിലെടുത്ത നടപടിയിൽ പരാതിക്കാരിയുടെ പേരുകൂടി സൂചിപ്പിച്ചെന്നു മാത്രമേയുള്ളൂ. ജൂൺ 21-ാം തീയതിയാണ് ഉത്തരവ് ഇറങ്ങിയതെന്ന് നരത്തെ ഇവിടെ സൂചിപ്പിച്ചു. എന്റെ കൈയിൽ ഓർഡർ ഉണ്ട്. ജി.ഒ. നമ്പർ 5029/ 2013/ജി.എ.ഡി. മന്ത്രിമാരും മുഖ്യമന്ത്രിയുമൊക്കെയായിരുന്നിട്ടുള്ള ആളുകൾ അവിടെയുണ്ടല്ലോ. 19-ാം തീയതി ഇറങ്ങിയ ഒരു ഗവൺമെന്റ് ഓർഡറിൽ എങ്ങനെയാണ് വെട്ടിത്തിരുത്തൽ ഉണ്ടാക്കാൻ കഴിയുക? ആ

രേഖ ഒരിടത്തുമാത്രമാണോ ഇരിക്കുക. ജി.ഒ. നമ്പർ 5029/2013 തീയതി 19.6.2013 അനുസരിച്ചാണ് ഗിരീഷ് കുമാറിനെതിരെ നടപടി എടുത്തിട്ടുള്ള ത്. അയാളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്റ്റാഫിൽനിന്ന് പിരിച്ചുവിട്ടാണ് നടപടി സ്വീകരിച്ചത്. ......(ബഹളം)........... രണ്ടാമത്തെകാര്യം ......(ബഹളം)....... ഞാനൊന്നു പറഞ്ഞോട്ടെ, ......(ബഹളം)....... ഇങ്ങനെ പറഞ്ഞാൽ എന്താണ് ചെയ്യുന്നത്......(ബഹളം)........ ഞാനൊന്നു പറഞ്ഞോട്ടെ......(ബഹളം).......ശ്രീ. ഇ.പി. ജയരാജൻ അടിയന്തര പ്രമേയം അവതരിപ്പിച്ച സമയത്ത് ഒരക്ഷരം ഞങ്ങളാരും പറഞ്ഞില്ലല്ലോ. ......(ബഹളം)....... അതുതന്നെ ഒരു പ്രശ്നമായി ട്ടാണ് ഇപ്പോൾ പറയുന്നത്. ഇങ്ങനെയുള്ള പെറ്റീഷൻസ് വരുമ്പോൾ ഗവൺമെന്റ് എടുക്കുന്ന ഒരു സമീപനമുണ്ട്. ഗവൺമെന്റ് വളരെ സ്ട്രോംഗായി നിൽക്കും. സലീം രാജിനെക്കുറിച്ചും മറ്റുചില ആളു കളെക്കുറിച്ചും ഇവിടെ പറഞ്ഞു. അത് അന്വേഷണം നടക്കുകയാണ്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെവച്ചു എന്നുള്ളത് ഈ നിയമസഭ യിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. ആ ടീമിന്റെ അന്വേഷണം ഊർജ്ജസ്വല മായി പോവുകയാണ്. ഈ കേസുമായി ബന്ധപ്പെട്ട ആൾക്കാരെയെല്ലാം ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. അവർ കുറ്റക്കാരാണെന്നു കണ്ടാൽ അന്വേഷണ സംഘത്തിന്റെ ശുപാർശയനുസരിച്ച് ഏത് നടപടിയെടുക്കാനും ഈ ഗവൺമെന്റ് ഒരുപടി പോലും പുറകോട്ടു പോവുകയില്ല. പക്ഷെ അന്വേ ഷണ സംഘത്തിന്റെ നടപടി പൂർത്തിയാകണം. അതിനുശേഷമല്ലേ ചാർജ് കൊടുക്കാൻ കഴിയൂ? ചാർജ് ഫ്രെയിം ചെയ്യാനുള്ള അന്വേഷണം നടന്നു കൊണ്ടിരിക്കുമ്പോൾ തന്നെ നിങ്ങൾ എന്ത് നടപടി എടുത്തുവെന്ന് ചോദി ച്ചാൽ എന്താണ് പറയാൻ കഴിയുക? നേരത്തെ, ഒരു സുഭദ്രയുടെ മകൻ

പ്രതിരോധ സേനയിലുള്ള സുധീഷ് കുമാറിന്റെ ഒരു പരാതി, നമ്മുടെ മുൻമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്ന ആളുകളെ സംബന്ധിച്ചാണ്, അന്നത്തെ മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത് സംബന്ധിച്ചൊരു കത്ത് തന്നിട്ടില്ലെന്ന് പറഞ്ഞാൽ ഞാൻ ഒരക്ഷരം പറയുകയുമില്ല. അങ്ങ് തന്നെ കൊടുത്ത കത്തുണ്ട്. ആ കത്തിന്റെ അടിസ്ഥാനത്തിൽ അവിടെ എടുത്ത നടപടികളെക്കുറിച്ച് അങ്ങേയ്ക്കറിയില്ലേ? തൃപ്തികരമല്ല എന്ന് അങ്ങ് തന്നെയല്ലേ അന്ന് പറഞ്ഞതും അതിനുവേണ്ടി കത്ത് കൊടുത്തതും? ഞാൻ അക്കാര്യങ്ങളൊക്കെ വിശദമാക്കുന്നില്ല. കാരണം അങ്ങോട്ടുംമിങ്ങോട്ടും ചെളി വാരിയെറിയുന്നത് നമ്മുടെ പദപ്രയോഗമല്ല...... (ബഹളം)....... ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പേരുപറഞ്ഞ് പറയുകയല്ലേ? പ്രതിപക്ഷ നേതാവ് അങ്ങനെയൊരു കത്ത് തന്നിട്ടില്ല എന്നു പറഞ്ഞാൽ ഞാൻ പറഞ്ഞതൊക്കെ പിൻവലിക്കാം. ഞാൻ അങ്ങേയ്ക്ക് വഴങ്ങാം, ഞാനിവിടെ ഇരിക്കാം......(ബഹളം)....... അങ്ങ് പറയട്ടെ, അങ്ങനെയൊരു കത്ത് തന്നിട്ടുണ്ടോയെന്ന് അങ്ങ് പറയട്ടെ...... (ബഹളം)....... ഞാൻ ഇരിക്കാം ഞാൻ അങ്ങേയ്ക്ക് വഴങ്ങാം. ....(ബഹളം).......

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി...... അങ്ങ് പറയൂ......(ബഹളം).......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പോലീസ് അസോസിയേഷന്റെ കാര്യം പറഞ്ഞു. ഞാൻ മനസ്സിലാക്കിയടിത്തോളം പരസ്യമായി അവർ അഭിപ്രായം പറഞ്ഞിട്ടുണ്ട്. നിയമ നടപടിയിലേക്ക് അവർ പോവുകയാണ്. മറ്റു പല ആളുകളെയുംപറ്റി പറഞ്ഞു. ഈ ഗവൺമെന്റിനെ ബാധിക്കാത്ത ഒരു കാര്യത്തിനും ഞാൻ വക്കാലത്ത് പിടിക്കാനില്ല. ഇവിടെ ഗവൺമെന്റ് എടുക്കുന്ന സുതാര്യമായ സമീപനമുണ്ട്......(ബഹളം)....... അതു

കൊണ്ട് അങ്ങ് ഇവിടെ പറഞ്ഞ ഒരു വാക്കു മാത്രം ഞാൻ ആവർത്തിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജൻ എന്റെ സ്നേഹിതനാണ്. അതുകൊണ്ട് ഞാൻ വിശദമായി പറയുന്നില്ല. നാട്ടിൽ ജനങ്ങൾക്ക് കേൾക്കാൻ കഴിയാത്ത ധാരാളം കൊള്ളരുതായ്മകളുണ്ട് എന്നുള്ളത് ഈ സമൂഹം ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. .....എന്താണെന്ന് ഞാൻ പറയണോ? എന്റെ നാവുകൊണ്ട് ഞാൻ പറയില്ല. ......(ബഹളം)....... അതൊക്കെ അന്വേഷണത്തിന് പോകട്ടെ......(ബഹളം).......

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അതുകൊണ്ട് ഇത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. ......(ബഹളം).......

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ നിന്നും എഴുന്നേറ്റുനിന്ന് ബഹളം വച്ചു)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കൂ... യെസ്... പ്ലീസ്....... ......(ബഹളം)....... ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ ...... (ബഹളം).......അദ്ദേഹം ഒന്നു പറഞ്ഞില്ലല്ലോ. ഭരണത്തലവൻ മുഖ്യമന്ത്രിയല്ലേ? നിങ്ങൾ മുഖ്യമന്ത്രി പറയുന്നത് കേൾക്കൂ. ......(ബഹളം).......നിങ്ങൾ ആവശ്യമില്ലാത്ത പബ്ലിസിറ്റി എന്തിനാണ് ആളുകൾക്ക് കൊടുക്കുന്നത്. .......ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ.

(ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുവാൻ വേണ്ടി സീറ്റിൽ നിന്ന് എഴുന്നേറ്റു)

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങ് ഇരിക്കൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കണം, അങ്ങനെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചതിനുശേഷം തീർച്ചയായും അങ്ങേയ്ക്ക് സംസാരിക്കാം.

അടിയന്തര പ്രമേയം അവതരിപ്പിക്കുമ്പോൾ അങ്ങനെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചതിന് ശേഷം അങ്ങേയ്ക്ക് സംസാരിക്കാം. പ്ലീസ്.... പ്ലീസ്......അങ്ങനെയല്ലല്ലോ സിസ്റ്റം. അതൊക്കെ അദ്ദേഹത്തിന് അറിയുകയും ചെയ്യാം. ......(ബഹളം)....... ശ്രീ. എം. ചന്ദ്രൻ....അതുപോലെ തന്നെ ശ്രീ. ജയരാജൻ മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ചും പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചതിന് ശേഷം തീർച്ചയായും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കാം. യെസ്... പ്ലീസ്.... ശ്രീ. ചന്ദ്രൻ ദയവായി ഇരിക്കൂ.. പ്ലീസ്...........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കഴിഞ്ഞ വ്യാഴാഴ്ച ഞാൻ കത്ത് കൊടുത്തു എന്നതിന്റെ പേരിൽ ഇവിടെ ഒരു അടിയന്തരപ്രമേയം വന്നു. ഞാൻ കത്ത് കൊടുത്തിട്ടില്ല......(ബഹളം).....ഞാൻ പറയട്ടെ ..... (ബഹളം)....... എമർജിംഗ് കേരളയ്ക്ക് ഈ കമ്പനിയെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞ് ഞാൻ കത്ത് കൊടുത്തിട്ടില്ലെന്ന് ഈ സഭയിൽ ആവർത്തിച്ച് പറഞ്ഞിട്ടും......(ബഹളം)....... വരും.... അതിലേയ്ക്ക് വരും........... അത് നിങ്ങൾ കേൾക്കാതെ പ്രതിയുടെ അഡ്വക്കേറ്റ് എന്തോ പറഞ്ഞുവെന്ന് പറഞ്ഞ് ഇവിടെ വന്ന് ഒരു ദിവസം സഭ സ്തംഭിപ്പിച്ചു. അതേ അഡ്വക്കേറ്റ് ഇപ്പോൾ ഞാനങ്ങനെ പറഞ്ഞിട്ടില്ലായെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. ഞാൻ അന്ന് പറഞ്ഞതിനെയും രണ്ടാമത് പറഞ്ഞതിനെയുമൊന്നും ന്യായീകരിച്ചുകൊണ്ടല്ല പറയുന്നത്. ആരെങ്കിലും എന്തെങ്കിലും പറയുന്നത് കേട്ടുകൊണ്ട് സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത് ശരിയാണോ എന്ന് നിങ്ങൾ ചിന്തി ക്കണം. ഗിരീഷ്കുമാർ എന്റെ സ്റ്റാഫിലെ ഒരു അംഗമായാലും ...... (ബഹളം)....... കാൾസെന്ററിലെ ഒരു ഡെയ്ലി വേജസുകാരനായാലും എന്നെ സംബന്ധിച്ചിടത്തോളം ഒരുപോലെ തന്നെയാണ്. പക്ഷെ എന്റെ

സ്റ്റാഫിൽപ്പെട്ട മുപ്പത് പേരിൽ ഒരാളല്ല. ഇവിടെ 2012-ലെ ഒരു പുസ്തകം ശ്രീ. ഇ. പി. ജയരാജൻ കാണിച്ചു 2013-ലെ ബുക്ക് എന്റെ കൈയിലുണ്ട്. ......(ബഹളം).......ഞാൻ പറയട്ടെ......(ബഹളം)....... 2012-ൽ പി.ആർ.ഡി-ക്ക് ഒരു തെറ്റു പറ്റി, 2013-ൽ അത് തിരുത്തി. ഇതാണ് 2013-ലെ ബുക്ക്. സ്റ്റാഫിലെ ഒരംഗമായാലും കോൾ സെന്ററിലെ ഡെയ്‌ലി വേജസുകാര നായാലും എനിക്ക് ഒരുപോലെയാണ്, അക്കാര്യത്തിൽ യാതൊരു സംശ യവുംവേണ്ട. പക്ഷേ ഇതുപോലുള്ള രേഖകൾ കൊണ്ടുവന്ന് നിങ്ങൾ യാഥാർത്ഥ്യങ്ങളെ തമസ്കരിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ഇതേ പി.ആർ. ഡി. യ്ക്ക് പറ്റിയ വേറൊരു തെറ്റാണ് ഈ ചർച്ചയ്ക്കിടയിൽ ഉയർന്നു വന്നത് - മൊബൈൽ ഫോൺ ഇല്ലാത്ത മുഖ്യമന്ത്രിക്കും മൊബൈൽ ഫോൺ നമ്പർ, അവർക്ക് തെറ്റു പറ്റിയതാണെന്ന് ഞാൻ ഇവിടെ പറഞ്ഞു. ഇതും അതുപോലെ തന്നെയാണ്. മേയ് 25-ാം തീയതി കിട്ടിയ പരാതിയിൽ നടപടി യെടുക്കാൻ വൈകിയെന്നാണ് ഇവിടെ പറഞ്ഞ ഒരു കാര്യം. ഈ പരാതി മുഖ്യമന്ത്രിക്ക് നൽകിയതല്ല. മുഖ്യമന്ത്രിക്ക് തരുന്ന ഒരു പരാതിയാണെങ്കിൽ, ആ പരാതി എന്റെ കൈയിൽ നേരിട്ട് കിട്ടിയാൽ അത് സംബന്ധിച്ച് നടപടി വൈകിയാൽ തീർച്ചയായും ഞാൻ ഉത്തരവാദിയാണ്. കോൾ സെന്ററിൽ വരുന്ന പരാതി ഏത് വഴിക്ക് അയയ്ക്കണമെന്ന് അവർക്ക് പ്രത്യേകം നിബ ന്ധനയുണ്ട്. അവിടെ ഇത് കൈകാര്യം ചെയ്യുന്നത് സീനിയറായിട്ടുള്ള ഉദ്യോഗസ്ഥന്മാരല്ല. അവർക്ക് ഒരു പരാതി കിട്ടിയാൽ അത് എങ്ങോട്ട് അയയ്ക്കണം; ഏത് നടപടിക്രമങ്ങൾ പാലിക്കണം എന്ന് വ്യക്തമാക്കിയി ട്ടുണ്ട്. ആ നടപടിക്രമം പൂർത്തിയാക്കി 18-ാം തീയതി രാത്രി എനിക്ക് ഫയൽ കിട്ടുന്നു. അന്നുതന്നെ ഞാൻ ഒപ്പിട്ട് നൽകുന്നു. 19-ാം തീയതി ഓർഡർ

ഇഷ്യൂ ചെയ്യുന്നു. ഈ വാർത്ത വരുന്ന 21-ാം തീയതിയും ഗിരീഷ് ഓഫീസിലുണ്ടായിരുന്നുവെന്ന് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ പറഞ്ഞതല്ല, അങ്ങനെ വാർത്തകൾ വന്നതാണ്. പക്ഷേ സഭ അറിയണം. ഈ ഗിരീഷ്, അദ്ദേഹത്തിന്റെ കല്യാണം കഴിഞ്ഞ് ദിവസങ്ങളായി ലീവിലായിരുന്നു. മെയ് മാസത്തിൽ അദ്ദേഹം ഓഫീസിൽ വന്നിട്ടേയില്ല. പിന്നെ 21-ാം തീയതി ഓഫീസിലുണ്ടായിരുന്നുവെന്ന് പറഞ്ഞാൽ......, മെയ് മാസത്തിലും ജൂൺ മാസത്തിലും വന്നിട്ടില്ല. മെയ് മാസം മുതൽ ഓഫീസിൽ വന്നിട്ടേയില്ല. ഏത് ദിവസമാണ് പരാതിക്ക് ഇടയാക്കിയ സംഭവം നടന്നതെന്ന് കോൾ സെന്ററിലേയ്ക്കയച്ച പരാതിയിൽ ഈ സ്ത്രീ സൂചിപ്പിച്ചിട്ടില്ല. അത് സൂചിപ്പിച്ചിരുന്നുവെങ്കിൽ വളരെ പെട്ടെന്ന് ചെക്ക് ചെയ്യുവാനും പരിശോധിക്കുവാനും സാധിക്കുമായിരുന്നു. ആ പരാതിക്കകത്ത് ആ തീയതി നൽകിയിട്ടില്ല. എങ്കിലും അതിന്റെ പേരിൽ ഞങ്ങൾ നടപടിയെടുത്തു. പോലീസ് കേസ് എടുത്തിട്ടുണ്ട്. നിയമാനുസൃതമുള്ള നടപടികളുമായി മുമ്പോട്ടു പോകും. പക്ഷേ ഈ പ്രശ്നം പുറത്തുവന്നതിനു പിന്നാലെ ഒരു മറുവശം കൂടി രംഗത്തുവന്നിട്ടുണ്ട്. അത് ഈ സ്ത്രീയുടെ മുൻ ഭർത്താവ് തന്നിട്ടുള്ള വിവരങ്ങൾ....., കോൾ സെന്ററിലേയ്ക്ക് വിളിക്കുമ്പോഴാണ് ഗിരീഷുമായി ആദ്യമായി സംസാരിക്കുന്നതെന്നാണ് ഇവർ പരാതിയിൽ പറഞ്ഞിട്ടുള്ളത്. പക്ഷേ അതിനു മുമ്പുതന്നെ അവർ തമ്മിൽ പരിചയമുണ്ടായിരുന്നു, ഫോൺ കോളുകൾ ഉണ്ടായിരുന്നുവെന്നൊക്കെയുള്ള വിഷയങ്ങളുണ്ട്. ഏതായിരുന്നാലും അതുൾപ്പെടെ എല്ലാ കാര്യങ്ങളും പരിശോധിക്കും. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ നടപടിയുണ്ടാകും. കുറ്റം ചെയ്തിട്ടില്ലെങ്കിൽ യാതൊരു നടപടിക്കും ഞാൻ തയ്യാറാകില്ല. ഇക്കാര്യത്തിൽ എല്ലാ വശങ്ങളും പരിശോധിക്കും. കുറ്റം ചെയ്ത ഒരാൾ സ്റ്റാഫിലെ അംഗമായാലും കോൾ സെന്ററിലെ

ഡെയ്‌ലി വേജസായാലും പുറത്തുനിന്നുള്ള വ്യക്തിയായാലും ആ വ്യക്തിയുടെ സ്ഥാനം നോക്കിയല്ല, അയാൾ എന്തുചെയ്തു എന്ന് നോക്കിയായിരിക്കും നടപടി എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ സ്ത്രീയുടെ പേര് വെളിപ്പെടുത്തി എന്നിവിടെ പറഞ്ഞു. ചില സെക്ഷനുകളിൽ മാത്രമേ അതു സംബന്ധിച്ചിട്ടുള്ള നിയന്ത്രണങ്ങൾ നിയമത്തിലുള്ളൂവെന്ന് ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. ഒന്ന്, അത് 376-ാം വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. രണ്ട്, ഈ പ്രസ് റിലീസ് കൊടുക്കുന്നതിനുമുമ്പുതന്നെ ഈ സ്ത്രീ മാധ്യമങ്ങളിൽ വന്ന് ഈ കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്, അവർ തന്നെ സ്വയം വെളിപ്പെടുത്തി മുമ്പോട്ടുവന്ന സാഹചര്യവുമുണ്ട്. ഈ കോൾ സെന്റർ തുടങ്ങിയതിനുശേഷം ഇതിനോടകം 2,07,969 പരാതികൾ വന്നിട്ടുണ്ട്. ആദ്യമായാണ് ഇത്തരത്തിലൊരു പരാതി ഉയർന്നത്. പക്ഷേ ആ പരാതിയും ഗൗരവമായി കാണും. അതിൽ ആരുടെ ഭാഗത്തുനിന്നെങ്കിലും ചെറിയ തോതിലുള്ള തെറ്റ് വന്നാൽപ്പോലും നടപടിയുണ്ടാകും. തെറ്റ് ചെയ്തിട്ടില്ലെങ്കിൽ ഒന്നും പേടിക്കാനില്ല, അവർക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. ഇതിവിടെ എത്രയോ ദിവസങ്ങളായി ചർച്ച ചെയ്യപ്പെടുന്ന പ്രശ്നങ്ങളാണ്. നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതിനെല്ലാം വ്യക്തമായ മറുപടി നൽകിയിട്ടും നിങ്ങൾ വീണ്ടുംവീണ്ടും ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ക്ലിഫ് ഹൗസിലും എന്റെ ഓഫീസിലും സോളാർ പാനൽ വച്ചതിനെക്കുറിച്ച് പറഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളാണ് അതുവച്ചത്. ഞാൻ കത്ത് കൊടുത്തു എന്നുപറഞ്ഞ് ഒരു ആക്ഷേപം, ഇതുപോലുള്ള ആക്ഷേപങ്ങൾ നൂറുവട്ടം ആവർത്തിച്ചാൽ കുറേ പേരെങ്കിലും വിശ്വസിക്കും എന്നുള്ളതാണെങ്കിൽ നിങ്ങളുന്നയിച്ച ഈ ആക്ഷേപങ്ങളുടെ സത്യാവസ്ഥ വരുംദിവസങ്ങളിൽ ഓരോന്നോരോന്നായി പുറത്തുവരും.

സത്യം നമുക്ക് ഒരിക്കലും മൂടിവയ്ക്കാൻ സാധിക്കില്ല. സത്യം കുറേ ദിവസങ്ങളിലേയ്ക്ക് തമസ്കരിക്കാൻ സാധിച്ചെന്നിരിക്കും, പക്ഷേ എന്നേയ്ക്കുമായി അത് മൂടിവയ്ക്കാൻ സാധിക്കില്ല. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഓരോന്നായിവരും. ടീം സോളാർ സംബന്ധിച്ച തട്ടിപ്പ് സിവിൽ കേസാണെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറില്ല. അത് വഞ്ചനാ കേസാണ്. ആ വഞ്ചനയിൽ പങ്കെടുത്തവരും കൂട്ടുനിന്നവരും പ്രേരണ കൊടുത്തവരുമെല്ലാം നിയമത്തിന്റെ മുമ്പിൽ വരിക തന്നെ ചെയ്യും.

ശ്രീ. സി. ദിവാകരൻ: സർ, ഇത് വഞ്ചനയാണ്, കൊടുംവഞ്ചനയാണ്. വഞ്ചനയുടെ സംസ്ഥാന നിലവാരത്തിൽ ഉദ്ഘാടനം ചെയ്ത മന്ത്രിയെ നിങ്ങൾ എന്ത് ചെയ്യാൻ പോകുന്നു?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങയുടെ അടുത്തിരിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഇവരുടെ പേരിൽ ഈ കേസ് വന്നപ്പോൾ സിവിൽ നേച്ചർ കേസ്സാണെന്ന് പറഞ്ഞുകൊണ്ട് കേസ് പിൻവലിച്ചു. അത് എന്തുകൊണ്ടാണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതുകൊണ്ടാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഞാൻ അന്നേ പറയുന്നത്, ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇവിടെ സഹായിച്ചുവെന്ന പരാതി താങ്കൾ ഉന്നയിച്ചതുകൊണ്ട് ഇതെല്ലാംകൂടി ചേർത്ത് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറായിക്കൂടെ; അതിന് ധൈര്യമുണ്ടോ നിങ്ങൾക്ക്; ഞങ്ങൾ വെല്ലുവിളിക്കുകയാണ് നിങ്ങളെ? വെറുതെ ഇങ്ങോട്ട് ആരോപണം ഉന്നയിച്ചാൽ പോരാ, അത് നേരിടാൻ തയ്യാറാകണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങിപ്പോൾ ക്ഷോഭിച്ചിട്ടൊന്നും കാര്യമില്ല. ടോട്ടൽ ഫോർ യു തട്ടിപ്പുനടന്നപ്പോൾ അങ്ങ് പറഞ്ഞ മറുപടി എന്താണെന്നു

ളളത് രേഖകളിലുണ്ട്. ചെന്നൈയിലെ വ്യവസായിയിൽ നിന്ന് നാൽപ്പതു കോടിയിലധികം രൂപ തട്ടിച്ചുവെന്ന കേസ് പോലീസ്സെടുക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്തു. അങ്ങനെ നിങ്ങളെടുത്ത നടപടിയെല്ലാം ജനങ്ങളുടെ മുമ്പിലുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോൾ അധികാരം താങ്കളുടെ കൈവശമല്ലേ, മുമ്പ് എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കാൻ നിങ്ങൾക്ക് സാധിക്കുമല്ലോ? ഞാൻ ശിക്ഷയ്ക്ക് വിധേയമാകാം. അങ്ങ് ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകൂ. ഞാൻ അന്വേഷണത്തെ നേരിടാൻ തയ്യാറാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അന്ന് അങ്ങ് ഇവിടെയിരുന്നുകൊണ്ട് പറഞ്ഞത് എല്ലാവർക്കുമറിയാം. അക്കാര്യങ്ങളെല്ലാം രേഖകളിലുണ്ട്, അതു സംബന്ധിച്ചുള്ള എല്ലാ ഫയലുകളും ഇവിടെയുണ്ട്. അങ്ങ് എന്ത് വെല്ലുവിളി ച്ചാലും ഫയലുകൾ ഫയലുകളും രേഖകൾ രേഖകളുമാണ്. സത്യം ഒരിക്കൽ തെളിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അതുകൊണ്ട് അടിയന്തരപ്രമേയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സഖാവ് ശ്രീ. ഇ. പി. ജയരാജൻ ഗിരീഷ്കുമാറിന്റെ വിഷയവുമായി ബന്ധപ്പെട്ട്, അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞ കാര്യത്തെ സംബന്ധിച്ച്,

ആഭ്യന്തര വകുപ്പുമന്ത്രിയും പിന്നീട് മുഖ്യമന്ത്രിയും പറഞ്ഞത് നിങ്ങളുടെ കാലത്തും ഇതുപോലെയുള്ള കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്നും നിങ്ങൾ അതിനെപ്പറ്റിയൊന്നും ശരിയായിട്ടുള്ള നിലാപട് സ്വീകരിച്ചിട്ടില്ലായെന്നും ഞങ്ങൾ ഇതിന്മേൽ ശരിയായ നടപടിതന്നെ സ്വീകരിക്കുമെന്നുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസുമായും മറ്റും ബന്ധപ്പെട്ട ഒരു പ്രശ്നം സഭയുടെ ശ്രദ്ധക്ക് ക്ഷണിക്കുകയാണ് ഞാൻ ചെയ്യുന്നത്. XXXXXX+

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങ് എന്താണ് സംസാരിക്കുന്നത്? ഇവിടത്തെ വിഷയം ഇതൊന്നുമല്ല.......(ബഹളം).......

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇവിടെ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞ കാര്യംതന്നെയാണ് നിങ്ങൾ ക്ഷുഭിതരായിട്ട് കാര്യമില്ല. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞ കാര്യം ഒന്നുകൂടി ഞാൻ ആവർത്തിക്കുന്നുവെന്നേയുള്ളൂ. ......(ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്..... അതൊന്നും ശരിയല്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, XXXXXX+

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.... നോ. നോ... ഞാൻ മൈക്ക് ഓഫ് ചെയ്യും. ......(ബഹളം).........

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, XXXXX+

+ എക്സ്പഞ്ച്.

+ എക്സ്പഞ്ച്.

<u>മി. സ്പീക്കർ</u>: അത് പറയാൻ സാധ്യമല്ല. മൈക്ക് ഓഫ് ചെയ്യൂ. ശ്രീ.കോടിയേരി ബാലകൃഷ്ണൻ, അതൊന്നും ശരിയല്ല. ......(ബഹളം)......... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അതൊന്നും ശരിയല്ല. അങ്ങ് വളരെ സീനിയറായ നേതാവാണ്. ഇവിടെ ഇതുവരെ പറഞ്ഞതെല്ലാം രേഖകളിൽ നിന്ന് നീക്കം ചെയ്യും. സഭ തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെതുടർന്ന് സഭ രാവിലെ 10.27-ന് അൽപ്പസമയത്തേയ്ക്ക് നിർത്തിവച്ചു.)